The Heavenly Light Ministry

മറവിടമായെനിക്കേശുവുണ്ട്
മറച്ചിടുമവനെന്നെ ചിറകടിയിൽ
മറന്നിടാതിവിടെന്നെ കരുതീടുവാൻ
മാറാതെയവനെന്റെ അരികിലുണ്ട്
അനുദിനവും അനുഗമിപ്പാൻ
അവൻ നല്ല മാതൃകയാണെനിക്ക്
ആനന്ദ ജീവിത വഴിയിലിന്ന്
അനുഗ്രഹമായെന്നെ നടത്തിടുന്നു... മറവിട
പലവിധമാം എതിരുകളെൻ
പാതയിലടിക്കടി ഉയർന്നിടുമ്പോൾ
പാലിക്കും പരിചോടെ പരമനെന്നെ
പതറാതെ നിൽക്കുവാൻ ബലം തരുന്നു ... മറവിട
വിളിച്ച ദൈവം വിശ്വസ്തനല്ലോ
വഴിയിൽ വലഞ്ഞു ഞാനലയാനിട
വരകയില്ലവനെന്നെ പിരികയില്ലാ
വലതുക്കയ് പിടിച്ചെന്നെ നടത്തിടുന്നു.. .മറവിട
ഇതാ വേഗം ഞാൻ വാനവിരിവിൽ
ഇനിയും വരുമെന്നരുളിചെയ്ത
ഈ നല്ല നാഥനെ കാണുവനായ്
ഇരവും പകലുമെണ്ണി വസിച്ചിടുന്നു ... മറവിട